**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 670** **26-07-2021 - ൽ മറുപടിയ്ക്ക്**

**ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്ക പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട്-വയനാട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട ആനക്കാംപൊയിൽ-കള്ളാടി- മേപ്പാടി തുരങ്കപാത പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | കെ.ആർ.സി.എൽ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. ആയത് ലഭ്യമാകുമ്പോൾ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പദ്ധതിയുടെ രൂപരേഖ സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | നിർദ്ദിഷ്ട തുരങ്ക പാതയ്ക്ക് കോഴിക്കോട് ജില്ലയിൽ 3.15 കി.മീറ്ററും, വയനാട് ജില്ലയിൽ 5/580 കി. മീറ്ററും ഉൾപ്പെടെ ആകെ 8.73 കി.മീ ദൂരമാണ് ഉള്ളത്. ഇതിൽ സ്വകാര്യ സ്ഥലം 2500 മീറ്ററും വനപ്രദേശം 6235 മീറ്ററും ഉൾപ്പെടുന്നു. ആകെ 12 മീറ്റർ വീതിയിൽ രണ്ട് വരി പാതയ്ക്കാണ് ഡി.പി.ആർ തയ്യാറാക്കിയിട്ടുള്ളത്. ഡി.പി.ആർ പ്രകാരം പ്രസ്തുത പദ്ധതി ചെലവ് 1806 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്. |
| (സി) | പദ്ധതിയുടെ പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | നിലവിൽ ലഭ്യമായിട്ടില്ല. |
| (ഡി) | പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ഡി.പി.ആർ അംഗീകാരം, മിനിസ്റ്ററി ഓഫ് എൺവിയോൺമെന്റ്, ഫോറസ്റ്റ് ആന്റ് ക്ലൈമറ്റ് ചേഞ്ചിൽ നിന്നും ക്ലിയറൻസുകൾ എന്നിവ ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ